# ലുധിയാന സി എം സി യിലേക്ക് മാർത്തോമ്മാ സഭ സ്പോൺസർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.

ഡൽഹി: ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ MBBS, BDS എന്നീ കോഴ്സുകളിലേക്ക് പ്രവേശനത്തിന് സഭയുടെ സ്പോൺസർ ഷിപ്പിന് മാർത്തോമ്മാ സഭാ അംഗങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ ഫോമും മറ്റു വിവരങ്ങളും ഡൽഹി ഭദ്രാസനവെബ്സൈറ്റിൽ (www.delhidiocese.com) നിന്നും ഡൗൺലോഡ്ചെയ്യാവുന്നതാണ്. അപേക്ഷ ഫീസ് 5000/- രൂപയാണ്. പൂരിപ്പിച്ച അപേക്ഷകൾ, സ്ഥിര താമസം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സഭ അംഗത്വം തെളിയിക്കുന്നതിനുള്ള ഇടവക വികാരിയുടെ കത്ത്, സി എം സി യിലേക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചതിന്റെ പകർപ്പ്, ഫീസ് അടച്ചതിന്റെ പകർപ്പ്, പൂരിപ്പിച്ച പെർഫോമ (ഫോട്ടോയോട് കൂടിയത്) എന്നിവയോടൊപ്പം ഡൽഹി ഭദ്രാസന ഓഫീസിൽ 2024 ഏപ്രിൽ 06 ന് അകം Diocesan Bishop/ Diocesan Secretary, Marthoma Centre, 26- Bhai Vir Sing Marg, New Delhi- 110001 എന്ന വിലാസത്തിലോ , ഇമെയിൽ ഐഡി യിലോ (mtdelhidio@gmail.com) ലഭിച്ചിരിക്കേണ്ടതാണ്. അതിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നത് അല്ല.

കൂടാതെ അപേക്ഷകർ പ്രോസ്പെക്ടസിനും ഓൺലൈൻ അപേക്ഷകൾക്കുമായി Baba Farid University of Health ന്റെ വെബ്സൈറ്റ് ആയ www. bfuhs.ac.in ഉം രജിസ്ട്രേഷൻ ഫോമുകൾക്കായി സി എം സി ലുധിയാനയുടെ വെബ്സൈറ്റ് ആയ www.cmcludhiana.in ഉം ശ്രദ്ധിക്കേണ്ടതാണ്.

അപേക്ഷ നൽകിയിട്ടുള്ളവർക്കായുള്ള എഴുത്ത് പരീക്ഷ
ഏപ്രിൽ 20 ന് തിരുവല്ല & ഡൽഹിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

ഡൽഹി

റവ. സാം ഏബ്രഹാം
ഭദ്രാസന സെക്രട്ടറി
Mob: 9166343214